20/12/2025

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/12/2025

1. കാർഷിക മേഖലയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി SMAM). പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 50% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെൻ്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 30

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



ലക്ഷം രൂപ വരെയുള്ള പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 24 ലക്ഷം രൂപ വരെയും സാമ്പത്തിക സഹായം അനുവദിക്കുന്നു. കൂടാതെ Forest Reserve Act (FRA) പട്ടയമുള്ള ഗുണഭോക്താക്കൾക്ക് എല്ലാ കാറ്റഗറികളിലും 90% വരെ ആനുകൂല്യങ്ങൾ ലഭ്യമാണ്. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 31/12/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്.പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. കേന്ദ്ര സർക്കാരിന്റെ 2017 ലേയും 2018 ലേയും വിജ്ഞാപനങ്ങൾ പ്രകാരം ഡോഗ് ബ്രീഡിംഗ്, മാർക്കറ്റിംഗ്, പെറ്റ് ഷോപ്പുകൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സംസ്ഥാനത്തെ മൃഗക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാക്കിയിരിക്കുന്നു. സംസ്ഥാന മൃഗക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മാത്രമേ ഇനി മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ലഭ്യമാകുകയുള്ളൂ. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആണ് നിലവിൽ ബോർഡിന്റെ മെമ്പർ സെക്രട്ടറി. പുതിയ പെറ്റ്ഷോപ്പ് തുടങ്ങുന്നതിനും , ഡോഗ് ബ്രീഡർ ആയി രജിസ്റ്റർ ചെയ്യുന്നതിനും വില്പന നടത്തുന്നതിനും ഉള്ള രജിസ്ട്രേഷൻ ഫോമുകൾ www.ahd.kerala.gov.in എന്ന മൃഗസംരക്ഷണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നിന്നും ഫോമുകൾ ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകളും, രജിസ്ട്രേഷൻ ഫീസായി മെമ്പർ സെക്രട്ടറി /കൺവീനർ, മൃഗക്ഷേമ ബോർഡ്, കേരളത്തിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 5000 രൂപയുടെ ചെക്ക്/ ഡി ഡി/ ഓൺലൈൻ പേയ്മെന്റ് (അക്കൗണ്ട് നമ്പർ : 40341111002087 IFSCode: KLGB0040341) സഹിതം ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി ഒ തിരുവനന്തപുരം-33 എന്ന

വിലാസത്തിലേക്ക് അയച്ചുതരേണ്ടതാണ്. കൂടാതെ പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ സ്കാൻ ചെയ്തു sawbkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്കും അയച്ചു തരേണ്ടതാണ്.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന "സമ്പന്ന മാലിന്യം" എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2025 ഡിസംബർ 26 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് celkau.in എന്ന ലിങ്കിൽ കൈകാര്യം ചെയ്യുന്ന കോഴ്സിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. ജനുവരി 4 ന് ശേഷം പുതിയ ചെയ്യുന്നതിനുള്ള രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. രജിസ്റ്റർ നിർദ്ദേശങ്ങള് മേല് പറഞ്ഞ ലിങ്കിൽ ലഭ്യമാണ്. ഫോൺ : 0487-2438567, 8547837256.

4. മണ്ണുത്തിയിലെ ഗോട്ട് & ഷീപ്പ് ഫാമിൽ വെച്ച് **ആടുവളർത്തൽ** ശാസ്ത്രീയമായും നൂതനസാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയും എങ്ങനെ ലാഭകരമായി ചെയ്യാം എന്ന

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിൽ ഏകദിന പരിശീലനം ഇന്ന് (ഡിസംബർ 20 ന്) സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിനായി 9447796219, 0487 2961100 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കേണ്ടതാണ്.

### 5. കാർഷിക നിർദേശം

മാവിൻ തോട്ടങ്ങളിൽ വൈകുന്നേരങ്ങളിൽ പുകയ്ക്കുന്നത് മാവ് പൂക്കാനും, കായ്ക്കാനും സഹായിക്കും. കായീച്ച മാങ്ങയിൽ ഉണ്ടാകുന്ന പുഴുക്കേട് നിയന്ത്രിക്കാനായി ഫിറമോൺകെണി ഉപയോഗിക്കാം. മാവ് പൂത്ത്തുടങ്ങുമ്പോൾ മുതൽ കെണി വെയ്ക്കണം. ഒരു കെണി ഉപയോഗിച്ച് 3 മുതൽ 4 മാസത്തോളം ആൺ ഈച്ചകളെ ആകർഷിച്ച് നശിപ്പിക്കാൻ കഴിയും. ഇതോടൊപ്പം പാളയൻകോടൻ പഴം/തുളസിയില തുടങ്ങിയവ കൊണ്ടുള്ള ചിരട്ട കെണികളും ഉപയോഗിക്കുകയാണെങ്കിൽ കൂടുതൽ ഗുണംചെയ്യും. ഒരേക്കർ മാവിൻ തോട്ടത്തിന് 5 എണ്ണം അല്ലെങ്കിൽ 25 മരങ്ങൾക്ക് ഒന്ന് അഥവാ ഒരു പുരയിടത്തിന് ഒന്ന് എന്ന ക്രമത്തിൽ കെണികൾ വെച്ചുകൊടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0487 – 2370773 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം